**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1024** **12-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടത്തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മാവേലിക്കര മുനിസിപ്പാലിറ്റിയിലെ കോട്ടത്തോട് നവീകരണത്തിന് ബജറ്റ് വിഹിതവും എം.എൽ.എ ഫണ്ടും അനുവദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോട്ടത്തോടിന്റെ നവീകരണത്തിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | സ.ഉ. (സാധാ) നം.6516/2023/ഫിൻ, തീയതി 13/09/2023 പ്രകാരം, 2023-2024 ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-മരാമത്തുപണികളുടെ വിശദവിവരങ്ങൾ-വാല്യം II-ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ-ൽ ഉൾപ്പെടുത്തിയിരുന്ന "മാവേലിക്കര മണ്ഡലത്തിലെ വിവിധ അംഗനവാടികൾക്ക് കെട്ടിടം" എന്ന പ്രവൃത്തിയ്ക്ക് പകരമായി അതേ തുകയ്ക്ക് "ചുനക്കരഹോമിയോ ആശുപത്രിയ്ക്ക് കെട്ടിട നിർമ്മാണം" (30L), "മാവേലിക്കര കോട്ടത്തോട് നവീകരണം" (അടങ്കൽതുക 20 ലക്ഷം, അനുവദിക്കുന്ന തുക 4 ലക്ഷം) എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം ലഭ്യമായ “മാവേലിക്കര നഗരസഭ വാർഡ് 10 ലെ കൊറ്റാർക്കാവ് ദേവീ ക്ഷേത്രത്തിന് പുറകുവശത്തെ കോട്ടതോടിന്റെ നവീകരണം (20 ലക്ഷം)” എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.<br><br>2024-25 ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ വാല്യം II ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ ക്രമ നമ്പർ. 799 ആയി ഉൾപ്പെട്ട 50 ലക്ഷം രൂപയുടെ ‘മാവേലിക്കര കോട്ടത്തോട് നവീകരണം’ എന്ന പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | കോട്ടത്തോട് നവീകരണത്തിനായി എം.എൽ.എ ഫണ്ടിൽ മാവേലിക്കര മുനിസിപ്പാലിറ്റി കെ.എസ്.ആർ.ടി.സി-യ്ക്ക് സമീപം 30 ലക്ഷം രൂപയുടെ പ്രവൃത്തിയ്ക്ക് അനുമതി നല്കിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് എഗ്രിമെന്റ് വയ്ക്കുകയും 15/07/2023-ന് പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറുകയും പൂർത്തീകരണ കാലാവധി 14/04/2024-ൽ അവസാനിക്കുകയും ചെയ്തു. എന്നാൽ കരാറുകാരൻ മേൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. ആയതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ബജറ്റിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നല്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | മറുപടി ബി പിരിവിൽ രേഖപ്പെടുത്തിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ